<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1552</u> <u>11-09-2023 - ൽ മറുപടിയ്ക്ക്</u>

<u>കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷന്റെ വിശദാംശം നൽകാമോ; | (എ) | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗമായി ചേരുന്ന തീയതി മുതൽ 60വയസ്സ് വരെയുള്ള കാലയളവിൽ കുടിശ്ശികയില്ലാതെ അംശദായം അടയ്ക്കുന്ന സജീവ അംഗങ്ങൾക്കാണ് പെൻഷന് അർഹതയുള്ളത്. 60 വയസ്സ് പൂർത്തിയാക്കിയ മാസത്തിന്റെ പിറ്റേ മാസം 1-ാം തീയതി മുതലാണ് പെൻഷൻ അനുവദിക്കുന്നത്. നിലവിൽ പ്രതിമാസ പെൻഷൻ 1600/- രൂപയാണ്.കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് അനുസരിച്ച് പെൻഷൻ നിരക്കിൽ മാറ്റം വരുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻ സമയബന്ധിതമായി നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ 2022 നവംബർ മാസം വരെയുള്ള പെൻഷനാണ് ബോർഡിൽ നിന്നും വിതരണം നടത്തിയിട്ടുള്ളത്. ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ വിതരണം നടത്തുന്നത്. നിലവിൽ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് സമയബന്ധിമായി പെൻഷൻ അനുവദിച്ചു നൽകാൻ സാധിക്കാത്തത്. |
| (സി) | നിലവിൽ പെൻഷൻ നൽകാൻ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്.നിലവിൽ 8 മാസത്തെ (2022 ഡിസംബർ മാസം മുതൽ 2023 ജൂലൈ മാസം വരെ) പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.ബോർഡിന്റെ പ്രധാന വരുമാന മാർഗം ഗാർഹിക - വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവിന്റെ ഒരു ശതമാനം നിരക്കിൽ പിരിച്ചെടുക്കുന്ന സെസ്സ് തുകയാണ്. ബോർഡിന്റെ വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായും പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന്റെ ഭാഗമായും സെസ് അദാലത്തുകൾ നടത്തി, സെസ് തുക ഊർജിതമായി പിരിച്ചുവരുന്നുണ്ട്. സെസ്സ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ വഴി സെസ്സ് പിരിച്ചെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ